57 (1163) നീരൊഴുക്ക് കുറഞ്ഞ നദികൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീരൊഴുക്ക് കുറഞ്ഞുവരുന്ന എത്ര നദികളു ണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നദികളിലെ നീരൊഴുക്ക് കുറഞ്ഞുവരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ ന്യൂനത പരിഹരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നദികളെ രക്ഷിക്കാൻ എന്തെങ്കിലും പരിപാടി ഉണ്ടോ;

(എഫ്) എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രധാന നദികളിലെ നീരൊഴുക്ക് ജലവിഭവ വികസന വിനി യോഗകേന്ദ്രം കണക്ക് കൂട്ടി തിട്ടപ്പെടുത്തിയിട്ടുണ്ട്. വ്യതിയാനങ്ങൾ മനസ്സിലാ ക്കുവാൻ വേണ്ടത്ര മുൻകാല വിവരങ്ങൾ ലഭ്യമല്ല.

(ബി) ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിൽ നടത്തിയ പഠന ങ്ങളുടെ അടിസ്ഥാനത്തിൽ നീരൊഴുക്ക് കുറയുന്നതിനുള്ള പ്രധാന കാരണം ഭൂ ഉപയോഗത്തിൽവരുന്ന മാറ്റമാണെന്ന് കണ്ടിട്ടുണ്ട്. മഴയിൽ വരുന്ന മാറ്റ ങ്ങൾ നീരൊഴുക്കിലും പ്രതിഫലിക്കും.

(സി) ഉണ്ട്.

(ഡി) നീർമറി പ്രദേശങ്ങളിൽ നടത്തിയ പഠനങ്ങളുടെ അടിസ്ഥാന ത്തിൽ ഭൂ ഉപയോഗത്തിൽ വരുന്ന മാറ്റങ്ങളെ അനുസരിച്ച് നീരൊഴുക്കിൽ മാറ്റം വരുന്നതായി കണ്ടിട്ടുണ്ട്. വനപ്രദേശങ്ങളെക്കാൾ കുറവ് നീരൊഴുക്ക് മാത്രമേ വേനൽക്കാലത്ത് മറ്റ് പ്രദേശങ്ങളിൽനിന്നും ലഭിക്കുന്നുള്ളൂ. വനനശീ കരണവും ഭൂ ഉപയോഗത്തിൽ വരുന്ന മാറ്റവുംമൂലം മണ്ണൊലിപ്പ് വർദ്ധിച്ചുവ രുന്നതായി കണ്ടുവരുന്നു. നീർമറി പ്രദേശങ്ങളിൽ ശാസ്ത്രീയമായ ഭൂ ഉപ യോഗം നടത്തുകയും മണ്ണ്-ജല സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്താൽ മാത്രമേ വേനൽക്കാല നദിയൊഴുക്ക് വർദ്ധിപ്പിക്കുവാൻ പറ്റുകയു ള്ളൂ.

(ഇ) ഉണ്ട്.

(എഫ്) തടയണകളുടെ നിർമ്മാണം, മണ്ണ് സംരക്ഷിക്കുന്നതിനുള്ള സംരംഭങ്ങൾ സർവോപരി നീർമറി പ്രദേശങ്ങളുടെ സമഗ്രമായ പരിപാലനം എന്നിവ.

58 (1164) കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ നടത്തിപ്പ്

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly